സ്മരണ ●

മുഹമ്മദ് പാറക്കടവ്

# ഒരു പണ്ഡിത ഗുരുവിന്റെ ഓർമക്ക്

**"ആയുസ്സ്** നീളുകയും സത്കർമങ്ങൾ ചെയ്യാൻ സാധിക്കുകയും ചെയ്തവനാണ് ഭാഗ്യവാൻ" എന്ന പ്രവാചക വചനത്തെ അനുസ്മരിപ്പിക്കുന്ന മഹാപണ്ഡിതനായിരുന്നു മേയ് പത്താം തീയതി പരലോകം പൂകിയ സയ്യിദ് ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ (പാനൂർ). മത ഭൗതിക വിദ്യാഭ്യാസ രീതികൾ സമന്വയിപ്പിച്ചുകൊണ്ട് 1975-ൽ പാനൂർ മൊകേരിയിൽ ജാമിഅ സഹ്റ സ്ഥാപിച്ച അദ്ദേഹം മരണം വരെ അതിന്റെ സാരഥിയായിരുന്നു. 1934-ൽ മഞ്ചേശ്വരം ഉദ്യാവറിൽ ജനിച്ച അദ്ദേഹം കേരളത്തിലെ പ്രസിദ്ധ മുദർരിസുമാരുടെ കീഴിലും പ്രശസ്തമായ ദാറുൽ ഉലൂമിൽനിന്നും പഠനം പൂർത്തിയാക്കി. പാറക്കടവ്, ഓമച്ചപ്പുഴ, പയ്യോളി, ഒളവട്ടൂർ, കരുവൻതുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽ ദർസ് നടത്തിയശേഷം തന്റെ സ്വപ്നം സാക്ഷാത്കരിക്കാനുള്ള ലക്ഷ്യത്തോടെ ഉമ്മത്തൂരിൽ സഖാഫത്തുൽ ഇസ്‌ലാം അറബിക് കോളേജ് സ്ഥാപിച്ചു. അധികം വൈകാതെ അവിടം വിട്ട തങ്ങൾ വളരെ ക്ലേശങ്ങൾ സഹിച്ചാണ് പാനൂരിലെ ജാമിഅ സഹ്റക്ക് വിത്ത്പാകിയതും വളർത്തിക്കൊണ്ടുവന്നതും. സുന്നീ വിഭാഗത്തിൽനിന്ന് ഈ കാഴ്ചപ്പാടോടെ ആദ്യമായി വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കിയത് അദ്ദേഹമാണ്.

*വഴിയടയാളങ്ങളി*ലെ അവസാന അധ്യായത്തെ ആസ്പദമാക്കി മുഹമ്മദ് കുട്ടശ്ശേരി *ചന്ദ്രിക* വാരികയിൽ എഴുതിയ ലേഖനത്തിൽനിന്നും 1968-ൽ ഉമ്മത്തൂരിലെ ദർസിൽനിന്ന് ഓതുമ്പോൾ പൂക്കോയ തങ്ങളുടെ വിശദീകരണത്തിൽനിന്നുമാണ് ശഹീദ് സയ്യിദ് ഖുത്ബിനെക്കുറിച്ച് ഈ ലേഖകൻ ഏറെ മനസ്സിലാക്കിയത്. ഏഴു വാല്യങ്ങളിലായി താൻ രചിച്ച 'അലാ ഹാമിശിത്തഫാസീർ' എന്ന അറബിയിലെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ ഖുത്ബിനെയും അദ്ദേഹത്തിന്റെ *ഫീ ളിലാലിൽ ഖുർആനെ*യും കുറിച്ച് ഏറെ വാചാലനാകുന്നുണ്ട് അദ്ദേഹം. ഒരു പക്ഷേ അറബിയിൽ ഖുർആൻ വ്യാഖ്യാനമെഴുതിയ ഏക മലയാളി പണ്ഡിതൻ അദ്ദേഹമായിരിക്കും. ഖുർആൻ വ്യാഖ്യാനത്തിനു പുറമെ അറബിയിൽതന്നെ ശറഹുൽ അഖാഇദിന് വ്യാഖ്യാനവുമെഴുതിയിട്ടുണ്ട് അദ്ദേഹം. 'ഇസ്‌ലാം ചരിത്ര'വും അൽനിബ്റാസ് എന്ന കർമശാസ്ത്ര പുസ്തകവും അദ്ദേഹത്തിന്റെ മറ്റു രചനകളാണ്. കെജി ക്ലാസിലേതുൾപ്പെടെ അൽ സഹ്റയിൽ പഠിപ്പിക്കുന്ന അറബി ഗ്രന്ഥങ്ങൾ ഏറെയും അദ്ദേഹത്തിന്റെ രചനകളാണ്. ഇടക്കാലത്ത് സമസ്തയിൽനിന്ന് തെറ്റിപ്പിരിഞ്ഞ പണ്ഡിതന്മാർ രൂപം നൽകിയ 'അഖില കേരള ജംഇയ്യത്തുൽ ഉലമാ'യുടെ പ്രസിഡന്റും ഗോളശാസ്ത്ര വിശാരദനുമായിരുന്ന മർഹൂം യു.കെ ആറ്റക്കോയ തങ്ങൾ അദ്ദേഹത്തിന്റെ സഹോദരനായിരുന്നു.

പരമ്പരാഗത സംഘടനകളിലൊന്നിലും ചേരാതെ ഗ്രന്ഥരചനയിലും അധ്യാപനത്തിലും സമയം ചെലവഴിച്ച അദ്ദേഹം സമുദായ ഐക്യത്തിന്റെ ശക്തനായ വക്താവ് കൂടിയായിരുന്നു. 2007 സെപ്റ്റംബർ 22-ന്റെ *പ്രബോധനം* വാരികയിൽ വന്ന അഭിമുഖത്തിൽ സംഘടനകൾ തമ്മിൽ യോജിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിൽ പണ്ഡിതന്മാർ വഹിക്കേണ്ട പങ്കിനെക്കുറിച്ചും അദ്ദേഹം ശക്തമായി സംസാരിച്ചിട്ടുണ്ട്. പൊതുഫണ്ട് വിനിയോഗിക്കുന്നതിൽ അങ്ങേയറ്റം സൂക്ഷ്മത കാണിച്ച അദ്ദേഹം, മരണം വരെ ലാളിത്യം നിറഞ്ഞ ജീവിതമാണ് നയിച്ചത്. അദ്ദേഹം താമസിച്ച വീട് തന്നെ അതിന്റെ നേർ സാക്ഷ്യമാണ്. ഖുർആൻപഠനം അഭംഗുരം തുടരാൻ അദ്ദേഹം അന്ത്യദിനങ്ങളിൽ ബന്ധുക്കളെയും ശിഷ്യരെയും എഴുത്തുവഴി ഉപദേശിച്ചിരുന്നു. നന്മയുടെ കൈത്തിരി കൊളുത്തി പിരിഞ്ഞുപോയ ആ മഹാ ഗുരുവിന് അല്ലാഹു ആത്മശാന്തി നൽകുമാറാകട്ടെ! ആമീൻ. ■

booniyaz@gmail.com